# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: 06.10.2021 മുതൽ 10.10.2021വരെ)

## കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.എൻ.ആർ 80/2021 | തീയ്യതി: 05/10/2021 |
|---|---|

എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 87.7 | 31.2 – 32.4 | 23.5 – 23.5 | 79.0 – 93.7 | 00 – 08 |

ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 06-10-2021 | 07-10-2021 | 08-10-2021 | 09-10-2021 | 10-10-2021 |
|---|---|---|---|---|---|
| മഴ, മി.മീ | 7 | 8 | 10 | 10 | 5 |
| കൂടിയ താപനില, °C | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില, °C | 25 | 25 | 25 | 25 | 25 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 94 | 94 | 94 | 94 | 94 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 81 | 81 | 81 | 81 | 81 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 5 | 3 | 6 | 5 | 6 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 230 | 180 | 180 | 200 | 200 |
| മേഘ വിന്യാസം, ഒക്ടാ | 7 | 8 | 8 | 8 | 8 |

സി. കാർഷിക നിർദ്ദേശങ്ങൾ

| | |
|---|---|
| | **അഞ്ചു ദിവസങ്ങളിൽ ശക്തികുറഞ്ഞ മഴ, അല്ലെങ്കിൽ മിതമായ മഴ ലഭിക്കും** |
| **പൊതു നിർദ്ദേശങ്ങൾ** | **ദിവസം-2 ൽ ജില്ലയുടെ ചിലഭാഗങ്ങളിൽ കനത്ത മഴ (7 മുതൽ 11 സെ.മീ വരെ) ഉണ്ടായേക്കും.**<br><br>പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും രാത്രികളിൽ കുറഞ്ഞ താപ നിലിയും അനുഭവപ്പെടും. ഉയർന്ന അന്തരീക്ഷ ആർദ്രതയും അനുഭവപ്പെടും<br><br>**വിസ്തൃത മഴ പ്രവചനം: അടുത്തയാഴ്ചയിൽ ശരാശരിമഴയുണ്ടാകും.** |

<table>
<tr><td>പൊതു നിർദ്ദേശങ്ങൾ</td><td colspan="3">തെങ്ങു പോലുള്ള വൃക്ഷ വിളകൾക്ക് രണ്ടാം ഘട്ട വളപ്രയോഗം വേഗത്തിൽ പൂർത്തിയാക്കുക. നെൽ പാടങ്ങളിലെ ജലസംരക്ഷണത്തിനായി വരമ്പുകളിൽ കാണുന്ന വിള്ളലുകൾ, ഞണ്ടിൻ ദ്വാരങ്ങൾ എന്നിവ നല്ല രീതിയിൽ ചെളി ഉപയോഗിച്ച് അടക്കുകായും സമ്പൂർണ കളനിയന്ത്രണം നടത്തുകയും ചെയ്യുക. തെങ്ങു പോലുള്ള വൃക്ഷവിളകളുടെ തോട്ടങ്ങളിൽ മേൽമണ്ണ് ഇളക്കി പൊടിച്ചു തുല്യമായി പരത്തുന്നത് പുതയിടുന്നതിനു സമാനമായ ഒരു രീതിയാണ്. ഇത് മണ്ണിലെ ഊർപ്പ നഷ്ടം തടയാൻ സഹായിക്കും. തെക്കു പാടിഞ്ഞാറൻ കാലവർഷാനന്തര മഴവെള്ളം മണ്ണിൽ സംഭരിക്കാൻ വൃക്ഷ വിളകളുടെ തടത്തിനു ചുറ്റും നിശ്ചിത അകലം പാലിച്ചു ചാലുകളിൽ തൊണ്ടടുക്ക്കുക. ചകിരിച്ചോറ് മണ്ണുമായി ഇളക്കിച്ചേർക്കുക, പയറുവർഗ്ഗത്തിൽ പെട്ട ആവരണ വിളകൾ പാകുക, മഴക്കുഴികൾ തയ്യാറാക്കി അവയുടെ വരമ്പിൽ കൈത്തച്ചക്ക, രാമച്ചം എന്നിവ വച്ചുപിടിപ്പിക്കുക മുതലായ പ്രവൃത്തികളും മണ്ണിൽ ഈർപ്പം പിടിച്ചുനിർത്താൻ സഹായകമാകും.</td></tr>
<tr><td>പച്ചക്കറികൾ</td><td>തൈകൾ</td><td colspan="2">മണ്ണിൽ, സെന്റ് ഒന്നിന് നാല് കിലോ വീതം കുമ്മായം വിതറുക. കൂടാതെ ട്രൈക്കോഡെർമ സമ്പുഷ്ടമാക്കിയ ചാണകമോ കമ്പോസ്റ്റോ ഉപയോഗിക്കുക. ഇവ വാട്ട രോഗങ്ങളെ ചെറുക്കുന്നതിന് സഹായിക്കും.<br><br>പറിച്ചു നടുന്നതിനു തൊട്ടു മുന്നേ വേര് പ്സ്യൂഡോമോണാസ് ലായനി (20മില്ലി. പ്സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ)-ൽ അര മണിക്കൂർ മുക്കി വെക്കുക. നേരിട്ട് വിത്ത് നട്ടതാണെങ്കിൽ തൈകൾക്ക് പ്സ്യൂഡോമോണാസ് ലായനി ഇലകളിൽ തളിക്കുക. ഇത് തൈകൾ കരുത്തോടെ വളരുന്നതിന് സഹായകമാകും.</td></tr>
<tr><td>കുരുമുളക്</td><td>വിവിധ ഘട്ടം</td><td>ചീച്ചൽ രോഗം<br> </td><td>മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക.<br><br>രോഗ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിലെ മണ്ണ് കുതിർക്കുക.<br><br>ഇലകളിൽ ചീച്ചൽ കാണുകയാണെങ്കിൽ ഇതേ മിശ്രിതം ഇലകളിലും തണ്ടിലും തളിക്കുക.</td></tr>
<tr><td>ഇഞ്ചി,</td><td>വിവിധ ഘട്ടം</td><td>ഇല വാട്ടം<br></td><td>കാർബെണ്ടാസിം (2 ഗ്രാം ഒരുലിറ്റർ വെള്ളത്തിൽ) തളിക്കുക.</td></tr>
</table>

| | | | |
|---|---|---|---|
| മഞ്ഞൾ | വിവിധ ഘട്ടം | മഞ്ഞൾ തടതുരപ്പൻ<br> | ഡൈമെത്തോയേറ് (2മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) തളിക്കുക. |
| വാഴ | വിവിധ ഘട്ടം | പനാമ വാട്ടം<br> | രോഗം വരാതിരിക്കാനുള്ള മുൻകരുതലുകൾ:<br>നടുന്നതിനു മുൻപേ വാഴക്കന്നുകൾ കാർബെണ്ടാസിം (2 ഗ്രാം ഒരുലിറ്റർ വെള്ളത്തിൽ) ലായനിയിൽ ഇരുപതു മിനിറ്റു നേരം മുക്കിവെക്കുക.<br>വാഴത്തടത്തിൽ പ്സ്യൂഡോമോണാസ് (20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) ലായനി കുതിർക്കുക<br>രോഗം പ്രത്യക്ഷപ്പെട്ടാൽ:<br>രോഗം ബാധിച്ച വാഴകൾ പിഴുതു കളഞ്ഞു കുഴികളിൽ ഒരു കിലോഗ്രാം വീതം കുമ്മായം വിതറുക. പിഴുത വാഴകൾ തോട്ടത്തിൽ തന്നെ ഇടരുത്.<br>ചുറ്റുമുള്ള വാഴകളുടെ തടത്തിൽ കാർബെണ്ടാസിം (2 ഗ്രാം ഒരുലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) ലായനി കുതിർക്കുക. പ്രൊപിക്കണോസോൾ (ഒരു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) ഇലകളിൽ തളിക്കുക |
| വാഴ | വിവിധ ഘട്ടം | ഇലപ്പുള്ളി രോഗം<br> | രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റി തീയിട്ടു നശിപ്പിക്കുക. കുമിൾനാശിനിയായ പ്രോപീകൊണസോൾ തളിക്കുക. |
| കശുമാവ് | പുതുതായി നട്ട തൈകൾ | തേയില കൊതുകും അനുബന്ധ പൂപ്പൽ രോഗങ്ങളും<br> | മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ 2 മില്ലി ക്വിനാൽഫോസ് ചേർത്ത് തളിക്കുക.<br>തളിരിന്റെ അഗ്രഭാഗങ്ങൾ ചീഞ്ഞു കാണുന്നുവെങ്കിൽ ഹെക്സകൊണസോൾ ഒരു മില്ലി.-ഉം മാലത്തിയോൺ രണ്ടു മില്ലി.-ഉം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനി തളിക്കുക |

ഒപ്പ്/-

നോഡൽ ഓഫീസർ

ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി